# JANMABHOOMI - 27-09-2025

## തേവര മത്സ്യ മാർക്കറ്റിൽ ശുചിത്വ ബോധവൽക്കരണം നടത്തി



ഐസിഎആർ സിഐഎഫ്ടിയുടെ ആഭിമുഖ്യത്തിൽ തേവര മത്സ്യ മാർക്കറ്റിൽ നടന്ന ശുചിത്വ കിറ്റിന്റെ വിതരണം

**കൊച്ചി:** തേവര മത്സ്യ മാർക്കറ്റിൽ സ്വച്ഛതാ ഹി സേവാ കാമ്പയിനിന്റെ ഭാഗമായി ഐസിഎആർ- സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ ശുചിത്വ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പെ. ജയ ജയന്തി സമ്മേളനത്തെ സ്വാഗതം ചെയ്യുകയും പരിപാടിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. തേവര സർക്കിൾ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഷാജ് സുബാഷ് പൊതുജനാരോഗ്യത്തിനും വിപണി പ്രശസ്തിക്കും ശുചിത്വം പാലിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. 'ഉത്തരവാദിത്തപരമായ കൈകാര്യം ചെയ്യൽ, ശുചിത്വ മാർക്കറ്റിങ് രീതികൾ, മത്സ്യ മാലിന്യ ഉപയോഗം' എന്ന വിഷയത്തിൽ ഐസിഎആർ-സിഐഎഫ്ടിയിലെ സീനിയർ സയന്റിസ്റ്റ് ഡോ. മാർട്ടിൻ സേവ്യർ ഒരു ബോധവൽക്കരണ സെഷൻ നടത്തി. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി സഹകരിച്ചാണ് പരിപാടി നടത്തിയത്. മാർക്കറ്റിന്റെ പതിവ് പരിപാലനത്തെ പിന്തുണയ്ക്കുന്നതിനായി മത്സ്യ വിൽപനക്കാർക്കും ശുചീകരണ തൊഴിലാളികൾക്കും ക്ലീനിങ്, ശുചിത്വ കിറ്റുകൾ -കൈയുറകൾ, പൊതു മാലിന്യ ബിന്നുകൾ, ബക്കറ്റുകൾ, കപ്പുകൾ, അണുനാശിനി ഏജന്റുകൾ എന്നിവ വിതരണം ചെയ്തു. അതോടൊപ്പം 'മത്സ്യ മാർക്കറ്റുകളിലെ ശുചിത്വ കൈകാര്യം ചെയ്യൽ', 'മത്സ്യത്തിലെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കൽ' എന്നിവയെക്കുറിച്ചുള്ള രണ്ട് ലഘുലേഖകൾ പങ്കെടുത്തവർക്ക് വിതരണം ചെയ്തു.